പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5828 | 02.07.2019 ൽ മറുപടിയ്ക്ക്

## ധനുവച്ചപുരം ഐടിഐ. -യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ

*ചോദ്യം*
ശ്രീ.സി.കെ. ഹരീന്ദ്രൻ :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** ധനുവച്ചപുരം ഐടിഐ. -യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ തൽസ്ഥിതി അറിയിക്കാമോ;<br><br>**(ബി)** ആയതിലേക്കായി തയ്യാറാക്കിയ ഡി.പി.ആർ. -ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതിക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;<br><br>**(സി)** പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിലേക്കായി എസ്.പി.വി.യെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>**(ഡി)** പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകും എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | **(എ) യും, (ബി) യും, (സി) യും, (ഡി) യും.**<br>ധനുവച്ചപുരം ഐ.ടി.ഐയെ കിഫ്ബിയുടെ ധനസഹായത്തോട് കൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ ആയി ഉയർത്തുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. KASE സമർപ്പിച്ച ഡി.പി.ആർ കിഫ്ബി അംഗീകരിക്കുകയും ധനുവച്ചപുരം ഐ.ടി.ഐയ്ക്ക് 11.359 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി കിഫ്ബി അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2019 ആഗസ്റ്റ് മാസത്തോടു കൂടി ധനുവച്ചപുരം ഐ.ടി.ഐ യിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ